# 1. ആമുഖം

## (i) എന്താണ് ഇസ്‌ലാമിക കല?

ജോനാഥൻ ബ്ളൂമും ഷീലാ ബ്ലയറും എഴുതുന്നു: **"The term 'Islamic Art' refers not only to the art made for Islamic practices and settings but also to the art made by and for people who lived or live in lands where most - or the most important- people were or are muslims, that is believers in Islam.''**

(ഇസ്‌ലാമിക ആചാര സമ്പ്രദായങ്ങൾക്കും ജീവിത സാഹചര്യങ്ങൾക്കും വേണ്ടി സൃഷ്ടിക്കപ്പെട്ട കലയെ മാത്രമല്ല 'ഇസ്‌ലാമിക കല' എന്നതുകൊണ്ട് സൂചിപ്പിക്കുന്നത്. പ്രധാനമായി അഥവാ ഏറ്റവും പ്രധാനമായി മുസ്‌ലിംകൾ അഥവാ ഇസ്‌ലാം മതത്തിൽ വിശ്വസിക്കുന്നവർ ജീവിച്ചിരുന്നതോ ജീവിക്കുന്നതോ ആയ നാടുകളിലെ ജനങ്ങളും ആ ജനങ്ങൾക്കു വേണ്ടിയും നിർമിക്കപ്പെട്ട കലകളെക്കൂടിയാണ്.) ഇസ്‌ലാമിക സംസ്കാരം നിലനിന്ന എല്ലാ നാടുകളിലും ഇസ്‌ലാമും മുസ്‌ലിംകളുമായി ബന്ധപ്പെട്ട് വളർന്നുവന്ന എല്ലാ കലകളും ഇസ്‌ലാമിക കലയുടെ പരിധിയിൽ വരുന്നു എന്ന് ഈ നിർവചനം വ്യക്തമാക്കുന്നു. കലാചരിത്രത്തിലെ പതിവു സമ്പ്രദായ പ്രകാരമുള്ള കാല-ദേശ വിഭജനം ഇസ്‌ലാമിക കലയിൽ പ്രസക്തമല്ലാതാവുന്നത് ഇതുകൊണ്ടാണ്. കാല-ദേശങ്ങൾ ഇസ്‌ലാമിക കലയെ സ്വാധീനിക്കുന്നുണ്ടെങ്കിലും ആ സ്വാധീനം അതിന്റെ ഏക സ്വരത(**Harmony**)യെ ഭഞ്ജിക്കുന്നില്ലെന്ന് ടൈറ്റസ് ബർക്കാർഡ്റ്റ് വ്യക്തമാക്കുന്നു: ''ഇസ്‌ലാമിക കലയുടെ ആവിഷ്കാര രീതികൾ വംശീയ പരിതോവസ്ഥകൾക്കും നൂറ്റാണ്ടുകളുടെ മാറ്റത്തിനുമനുസരിച്ച് വ്യത്യാസപ്പെടാം. രണ്ടാമത്തേതിനെക്കാൾ ഒന്നാമത്തേതിനാണ് കൂടുതൽ സാധ്യത. എങ്കിലും സൗന്ദര്യ ശാസ്ത്രപരമായ കാഴ്ചപ്പാടിലും ആത്മീയ ലക്ഷ്യത്തിലും അത് പൊരുത്തമില്ലാത്തതാവുന്നില്ല. ഇസ്‌ലാമിക സംസ്കാരത്തിന്റെ മുഴുവൻ മണ്ഡലങ്ങളെക്കുറിച്ചും ഇങ്ങനെ ഉറപ്പിച്ചു പറഞ്ഞുകൂടാത്തതുമാണ്.''

സാർവ ജനീനമായ ഒരാധ്യാത്മിക തലം വിവിധ കാലങ്ങളിലെയും ദേശങ്ങളിലെയും ഇസ്‌ലാമിക കലയെ പരസ്പരം ബന്ധിപ്പിക്കുന്നുവെന്നു സയ്യിദ് ഹുസൈൻ നസ്‌റും അഭിപ്രായപ്പെട്ടിട്ടുണ്ട്.

കാല-ദേശ പരിധികൾക്കതീതമായ ഇസ്‌ലാമിക സംസ്കാര വിസ്തൃതിയിൽ ഉടലെടുത്ത, പൊതുവായ ഇസ്‌ലാമിക ആത്മീയതയുടെ മുദ്രകൾ വഹിക്കുന്ന എല്ലാ സൗന്ദര്യാവിഷ്കാരങ്ങളെയും 'ഇസ്‌ലാമിക കല' എന്ന പ്രയോഗം ഉൾക്കൊള്ളുന്നു എന്ന് മേൽവിവരണത്തിൽനിന്നു മനസ്സിലാക്കാം. എന്നാൽ കല മതേതരമായ ഒരു പ്രവർത്തനമാകയാൽ 'ഇസ്‌ലാമിക കല' എന്ന പ്രയോഗം തന്നെ നിരർഥകമാണെന്നു വാദിക്കുന്നവരുമുണ്ട്. പക്ഷേ, വിവിധ മതസമൂഹങ്ങളുമായി ബന്ധപ്പെട്ടു വളർന്നുവന്ന കലകൾക്കു തമ്മിൽ പ്രമേയത്തിലും ആവിഷ്കാരത്തിലും പ്രകടമായ അന്തരം നിലനില്ക്കുന്നുവെന്ന വസ്തുത അനിഷേധ്യമാണ്. ക്രൈസ്തവ, ഹൈന്ദവ, ബൗദ്ധ കലകളിൽനിന്ന് ഇസ്‌ലാമിക കല വ്യത്യസ്തമാണെന്നിരിക്കെ അതേക്കുറിച്ചുള്ള പഠനം അസംഗതമാവുന്നില്ല. മാത്രമല്ല, കലാപഠനം പൂർണമാവുന്നത് അതിന്റെ പിന്നിലെ മാനസിക വ്യാപാരങ്ങൾ വിശകലനം ചെയ്യുമ്പോൾ മാത്രമാണുതാനും. കലാസങ്കല്പങ്ങളിൽ തന്നെ സാരമായ വ്യതിയാനത്തിന് ഇസ്‌ലാം നിമിത്തമായിട്ടുണ്ട്. അതിന്റെ കാരണങ്ങൾ തീർത്തും മതപരമായിരുന്നു എന്നും കാണാം. അതിനാൽ 'ഇസ്‌ലാമിക കല' എന്ന പ്രയോഗത്തെ കലാബാഹ്യമായ ഇടപെടലായി കാണേണ്ടതില്ല. അതേപോലെ, കലയുടെ വിഷയത്തിൽ ഇസ്‌ലാമിനു തനതായ കാഴ്ചപ്പാടുകളുള്ളതിനാൽ 'ഇസ്‌ലാമിക കല'യെ മതബാഹ്യമായ ചിന്താ വ്യായാമമായും ഗണിക്കേണ്ടതില്ല. കല സർവാതിശായി (**Universal**) ആണെന്നതുപോലെ ഇസ്‌ലാമും സർവാതിശായിയായ ഒരു ജീവിത ദർശനമാണെന്നു മനസ്സിലാക്കുമ്പോൾ രണ്ടിനെയും യോജിപ്പിക്കുന്നതു സംബന്ധിച്ച ആശയക്കുഴപ്പങ്ങൾ അവസാനിച്ചുകൊള്ളും.